# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4494** 25-10-2016 -ൽ **മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | കേരളം സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി വൈദ്യുതീകരിക്കപ്പെടാത്ത വീട്ടുകളുടെ വിവര ശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളിലെ വയറിംഗ് ജോലികൾ ചെയ്യുന്നതിന് ബോർഡ് സ്വീകരിച്ചു വരുന്ന നടപടി കൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; വയറിംഗ് ജോലികളുടെ പൂർണ്ണ ചെലവ് ബോർഡ് വഹിക്കുമോ; വിശദമാക്കുമോ? | (ബി) | നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 1,16,240 ഉപഭോക്താക്കളിൽ 85,604 ഉപഭോക്താക്കൾ ബി പി എൽ വിഭാഗത്തിൽപ്പെടുന്നു. ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവയിൽ വയറിംഗ് പൂർത്തീകരിച്ചിട്ടില്ലാത്ത 60,433 വീട്ടുകൾ ഉണ്ട്. ഇതിൽ 46,585 വീട്ടുകൾ ബി പി എൽ വിഭാഗത്തിലുള്ളവരുടേതാണ്. ഒരു വീടിന്റെ വയറിംഗ് ഏറ്റവും ചുരുങ്ങിയ രീതിയിൽ (3 ലൈറ്റ് പോയിന്റ്, 2 പ്ലഗ് പോയിന്റ് ഇ.എൽ.സി.ബി ഉൾപ്പെടെ) പൂർത്തീകരിക്കുന്നതിന് ഏകദേശം 6000 രൂപ ചെലവ് വരും. ഇതിന്റെ സാമ്പത്തിക ചെലവ് വഹിക്കാൻ ബോർഡിന് നിർവ്വാഹമില്ല. വയറിംഗ് നടത്താൻ സാമ്പത്തിക ശേഷി തീരെ ഇല്ലാത്ത ഉപഭോക്താക്കളെ കണ്ടെത്താൻ നിർവ്വാഹക |

| | | | |
|---|---|---|---|
| | | | സമിതികളെ (പഞ്ചായത്ത്/ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും കോർപ്പറേഷൻ പ്രദേശങ്ങളിൽ സെക്ഷൻ ഓഫീസ് കേന്ദ്രീകരിച്ചുമുള്ള സമിതികൾ) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വീടുകളുടെ വയറിംഗ് പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. പട്ടികജാതി-പട്ടിക വർഗ്ഗങ്ങളിൽപെടുന്ന ഗുണഭോക്താക്കൾക്ക് വയറിംഗ് പൂർത്തീകരിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

Hemalatha

സെക്ഷൻ ഓഫീസർ